"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി. സീമ. കെ യെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1927/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/10/2021

പരാമർശം:- 1. സ. ഉ (പി) നം. 501/2005/ധന തീയതി 25/11/2005.

2. പഞ്ചായത്ത് ഡയറക്ടറുടെ 02.11.2018 ലെ PAN/22528/2018-E9(DP) നം. കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിന്റെ 14.11.2000 ലെ 46/2000 നമ്പർ തീരുമാനപ്രകാരം ശ്രീമതി. സീമ കെ. എന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി നിയമിച്ചു. ടിയാരി 31.12.2001 വരെ തുടർച്ചയായും 2002, 2005. എന്നീ വർഷങ്ങളിൽ 6 മാസം വീതവും സേവനത്തിൽ തുടർന്നിരുന്നു. 01.12.2007 മുതൽ തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ടിയാരിക്ക് നവംബർ 2013 മുതൽ നിശ്ചിത പ്രതിമാസ വേതനം നൽകിവരുന്നു. ശ്രീമതി. സീമയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് 21/05/2010 തീയതിയിൽ 44/2010 നമ്പരായി പഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരം ഒരു പാർട്ടൈം സ്വീപ്പിർ തസ്തികക്ക് അർഹതയുള്ള കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിൽ പ്രസ്തുത തസ്തിക സൃഷ്ടിച്ച് ടിയാരിയെ സ്ഥിരപ്പെടുത്തണമെന്ന നിവേദനങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ബന്ധപ്പെട്ട രേഖകൾ ലഭിക്കാതിരുന്നതിനാലും 05.03.2016 തീയതിയിലെ 19/2016/ധന നമ്പർ സർക്കുലർ പ്രകാരം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ടി സർക്കുലർ തീയതിക്ക് ശേഷം സമർപ്പിക്കരുതെന്ന് നിർദ്ദേശമുള്ളതിനാലും തുടർനടപടി സ്വീകരിച്ചിരുന്നില്ല.

2. ശ്രീമതി. സീമ.കെ ടിയാരിയെ സ്ഥിരപ്പെടുത്തുന്നതിലേക്കായി ഫയൽ ചെയ്തിരുന്ന WP(C) 22100/2018 നം ഹർജിയിൽ ബഹു.ഹൈക്കോടതിയുടെ 18.09.2018 ലെ വിധിന്യായത്തിൽ പഞ്ചായത്തിന്റെ Ext P5, Ext P11 കത്തുകൾ ഒന്നാം കക്ഷി പരിഗണിക്കുവാനും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആയതിൻമേൽ വിധിന്യായം കൈപ്പറ്റി 3 മാസത്തിനകം ഉത്തരവ പുറപ്പെടുവിക്കുവാനും നിർദ്ദേശിച്ചിരുന്നു. പരാമർശം (1) ഉത്തരവ് അനുസരിച്ച് ഉത്തരവ് തീയതിയിൽ 100 ച. മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കി വരുന്ന വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന്

അർഹരായിട്ടുള്ളത് എന്നതിനാൽ ശ്രീമതി. സീമ.കെ യെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് 05.11.2019 ലെ സ.ഉ (സാധാ) 2461/2019/തസ്വഭവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ സമാനമായ ചില കേസ്സുകളിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്രമവൽക്കരണം നടത്തിയിട്ടുമുണ്ട്. കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം തസ്തിക സൃഷ്ടിച്ച് ശ്രീമതി. സീമ കെ.യെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏരിയ 490.30 ച.മീ ആണെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി സീമയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് 21/12/2017 തീയതിയിൽ 11(4) നമ്പരായി പഞ്ചായത്ത് വീണ്ടും തീരുമാനമെടുത്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിലില്ല. പരാമർശം (1) ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള സ്വീപ്പിംങ് ഏര്യ നിലവിലുണ്ട്. 14.11.2000 ൽ സേവനമാരംഭിച്ച ശ്രീമതി. സീമ കെ. 31.12.2001 വരെ തുടർച്ചയായും 2002, 2005, എന്നീ വർഷങ്ങളിൽ 6 മാസം വീതവും 01.12.2007 മുതൽ തുടർച്ചയായും കാഷ്വൽ സ്വീപ്പറായി സേവനത്തിൽ തുടരുന്നു.

4. മേൽ സാഹചര്യങ്ങളിൽ കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി. സീമ. കെ .യെ സർക്കാർ ഉത്തരവ തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

ശ്രീമതി. സീമ. കെ, പാർട്ട് ടൈം സ്വീപ്പർ, കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല

(സെക്രട്ടറി, കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത് മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് ജില്ല.

സെക്രട്ടറി, കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/173/2021-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ